**പുനശ്ച ഭൂയാദ് ഭഗവത്യനന്തേ രതി: പ്രസംഗശ്ച തദാശ്രയേഷു:**
**മഹത്സു യാം യാമുപയാമി സൃഷ്ടിം**
**മൈത്ര്യസ്തു സർവ്വത്രനമോ ദ്വിജേഭ്യ: (1-19-16)**
**അത: പൃച്ഛാമി സംസിദ്ധിം യോഗിനാം പരമം ഗുരും**
**പുരുഷസ്യേഹ യത് കാര്യം മ്രിയമാണസ്യ സർവ്വഥാ (1-19-37)**
**യച്ഛ്രോതവ്യമഥോ ജപ്യം യത് കർത്തവ്യം നൃഭി: പ്രഭോ**
**സ്മർത്തവ്യം ഭജനീയം വാ ബ്രൂഹി യദ്വാ വിപര്യയം (1-19-38)**

ദാഹം ശമിച്ചപ്പോൾ രാജാവിന് സംഭവിച്ചതെല്ലാം ഓർമ്മവന്നു. കോപം തണുത്തു. കുറ്റബോധവും പാപബോധവും ഉണ്ടായി. മഹാനായൊരു മുനിയോടുകാണിച്ച അപരാധത്തെപ്പറ്റി അത്യന്തം വ്യസനം തോന്നി. മുനിയെ അപമാനിച്ചതിൻെറ പരിണിതഫലമായി തനിക്ക് വലിയൊരാപത്തുവന്നുചേരുമെന്ന് പരീക്ഷിത്തിനറിയാമായിരുന്നു. താമസിയാതെ മുനികുമാരൻെറ ശാപം രാജാവറിഞ്ഞു. അദ്ദേഹമതു പ്രതീക്ഷിച്ചു തയ്യാറായിരുന്നുതാനും. മറ്റു ദുഷ്കൃത്യങ്ങളിൽനിന്നും തന്നെത്തടയുവാനിതിനുകഴിയുമല്ലോ എന്നോർത്ത് അദ്ദേഹമാശാപത്തെ സ്വാഗതം ചെയ്തു. തന്നിലുള്ള ആസക്തി രാജാവ് തീരെയുപേക്ഷിച്ചു. ഏഴുദിനം മുൻപേ മരണദിവസമറിയാൻ കഴിഞ്ഞതിലും രാജാവ് സന്തുഷ്ടനായി.

പുത്രനായ ജനമേജയനെ രാജ്യഭാരമേൽപ്പിച്ച് മരണംവരെ നിരാഹാരവ്രതം അനുഷ്ഠിക്കാനായി രാജാവ് ഗംഗാതീരത്തുവന്നു. അദ്ദേഹമവിടെവന്നതു കണ്ട് ചുറ്റുപാടുനിന്നും മുനിമാരും ദിവ്യൻമാരും എത്തിച്ചേർന്നു. എല്ലാവരേയും സ്വാഗതംചെയ്ത് തൻെറ തീരുമാനത്തെപ്പറ്റി രാജാവവരെ അറിയിച്ചു. അവരുടെ അനുഗ്രഹം തേടിക്കൊണ്ട് രാജാവ് പറഞ്ഞു. "എന്നെപ്പോലെ പാപിയായ രാജാവിന് ആ മുനികുമാരൻെറശാപം ഒരനുഗ്രഹംതന്നെയാണ്. അല്ലയോ ദിവ്യസുകൃതികളേ, ഞാൻ പ്രാർത്ഥിക്കുന്നതിത്രമാത്രം. ഓരോ ജന്മമെടുക്കുമ്പോഴും എനിക്ക് പരമാത്മാവായ ശ്രീകൃഷ്ണനിൽ ദൃഢഭക്തിയുണ്ടാവണം. അവിടുത്തെ ഭക്തന്മാരായ സദ്പുരുഷന്മാരുമായുള്ള സഹവാസവുമുണ്ടാവണം. എല്ലാവരുമായി സൗഹൃദമുണ്ടാകാനും ഞാൻ പ്രാർത്ഥിക്കുന്നു." മുനിമാർ രാജാവിൻെറ തീരുമാനത്തെ അനുകൂലിച്ചു. അവസാനകാലത്ത് അദ്ദേഹത്തിൻെറകൂടെക്കഴിയാനും അവർ തീരുമാനിച്ചു.

അപ്പോൾ ശുകമുനി അവിടെ വന്നെത്തി. പതിനാറുവയസ്സായ ബാലനെപ്പോലെ തോന്നിച്ച അദ്ദേഹം പൂർണ്ണനഗ്നനായിരുന്നു. ആകർഷകമായ സുദൃഢഗാത്രം. എല്ലാറ്റിലും പരിപൂർണ്ണതയുള്ള ആകാരം. ദേഹത്തിൽ കുലത്തിനേയൊ ഗാത്രത്തിനേയൊ തിരിച്ചറിയാൻ അടയാളങ്ങളൊന്നുമില്ലായിരുന്നു. (അദ്ദേഹമതിനെല്ലാം അതീതനാണല്ലൊ). പുറമേയൊരു ഭ്രാന്തൻെറ ഭാവമുണ്ടെങ്കിലും മുനിമാർ അദ്ദേഹത്തെ സ്വീകരിച്ചിരുത്തി.

ശുകമുനിയെ വന്ദിച്ചുസ്വീകരിച്ച് രാജാവ് അനുഗ്രഹീതനും സന്തുഷ്ടനും ആയി വർത്തിച്ചു. "ആ ശ്രീകൃഷ്ണ ഭഗവാനെന്നിൽ തീർച്ചയായും സന്തുഷ്ടനാണ്. അതാണല്ലോ മരണം കാത്തുകിടക്കുന്ന എനിക്ക് അവിടുത്തെപ്പോലുള്ള ദിവ്യപുരുഷരെക്കാണാൻ അവസരം ലഭിച്ചത്. താങ്കളുടെ സാന്നിദ്ധ്യം കൊണ്ടുതന്നെ ഞങ്ങളുടെ പാപങ്ങൾ ഇല്ലാതാവുന്നു. ഭഗവാനേ, മരണമടുത്തിരിക്കുന്ന ഒരുവൻ എന്തൊക്കെയാണ് ചെയ്യേണ്ടത്? മറ്റുള്ളവർ പൊതുവേ ജീവിതത്തിൽ എന്തൊക്കെയാണ് പാലിക്കേണ്ടത്? എന്താണു കേൾക്കേണ്ടത്? പാടേണ്ടത്? ചെയ്യേണ്ടത്? ഓർക്കേണ്ടത്? എന്തൊക്കെയാണ് ഉപേക്ഷിക്കേണ്ടതും ആശ്രയിക്കേണ്ടതുമെന്നെല്ലാം ദയവായി പറഞ്ഞു തന്നാലും."